(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷാപാളിച്ചകൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 10 നിർഭയ കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളിലെല്ലാംകൂടി 107 അന്തേവാസികളുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. വിവിധ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിലാണ് ടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.

കേരള മഹിളാ സമഖ്യ സൊസൈറ്റി - തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്

അന്വേഷി - കോഴിക്കാട്

കൾച്ചറൽ അക്കാദമി ഫോർ പീസ് - എറണാകുളം

ബദേസ്ത - തൃശ്ശൂർ

(ബി) സുരക്ഷാ പാളിച്ചകൾ സംഭവിച്ചിട്ടില്ല. തിരുവനന്തപുരം നിർഭയ ഷെൽട്ടർ ഹോമിൽനിന്നും ഒരു പെൺകുട്ടിയെ കടത്തുവാനുള്ള ശ്രമം വിഫലമാക്കുകയാണ് ഉണ്ടായത്. ഓരോ നിർഭയ കേന്ദ്രങ്ങളിലും 2 സെക്യൂരിറ്റി ജീവനക്കാർ, വാർഡൻ, കുക്ക് എന്നിവരുടെ മുഴുവൻ സമയ സേവന സംവിധാനം നിലവിലുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ**

**240 (7539)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ അംഗണവാടികൾക്ക് കെട്ടിടനിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുതീകരണം, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം, പ്രീ സ്കൂൾ കിറ്റ് വിതരണം, മെഡിസിൻ കിറ്റ് വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം അങ്കണവാടിയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താക്കളായ കുട്ടികൾക്കും, പാലൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണം, തൊഴിൽ പരിശീലനം, ആരോഗ്യപരിശോധന - പോഷണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം മാവേലിക്കര മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ വകുപ്പിന്റെ കീഴിലുള്ള വികലാംഗക്ഷേമ കോർപ്പറേഷൻ, മുച്ചക്ര വാഹനം വാങ്ങുന്നതിനുള്ള ധനസഹായം, സൗജന്യ സഹായ ഉപകരണ വിതരണം, സ്വയം തൊഴിലിനായുള്ള വിവിധ വായ്പാ പദ്ധതികൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണവും നൽകിവരുന്നുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷത്തിലും ഈ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നത് തുടരുന്നതാണ്.

**വനിതാകമ്മീഷൻ സിറ്റിങ്ങുകൾ**

**241 (7540)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരാതികൾ കേൾക്കാനും തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന വനിതാകമ്മീഷൻ ജില്ലകളിൽ വനിതാസിറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ ഓരോ ജില്ലയിലും എത്ര വനിതാസിറ്റിങ്ങുകൾ വീതം സംഘടിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇവയിലോരോന്നിലും എത്ര പരാതികൾ ലഭിച്ചു ; എത്ര എണ്ണം തീർപ്പ് കൽപ്പിക്കാനായി ; വിശദമാക്കുമോ ?

ഉത്തരം

(എ) പരാതികൾ കേൾക്കാനും തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന വനിതാ കമ്മീഷൻ ജില്ലകൾ തോറും അദാലത്തുകളാണ് സംഘടിപ്പിക്കുന്നത്. സിറ്റിംഗ് തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിലാണ് സംഘടിപ്പിക്കുന്നത്.

(ബി) ജില്ലകൾതോറും സംഘടിപ്പിച്ചിട്ടുള്ള അദാലത്തുകൾ സംബന്ധിച്ച വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

**സ്നേഹപൂർവ്വം പദ്ധതി - കുട്ടനാട്ടിൽ നിന്നുള്ള അപേക്ഷകൾ**

**242 (7541)** ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്നേഹപൂർവ്വം പദ്ധതിയിൽ കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഏതൊക്കെ പരിഗണിച്ചുവെന്നും ഏതൊക്കെ നിരസിച്ചുവെന്നും ആയതിനുള്ള കാരണം സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly